# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 2115*

*11/06/2018-ലെ മറുപടി*

### *കൊല്ലം കനാൽ പുനരുദ്ധാരണം*

**ചോദ്യം**

**ശ്രീ. എം. മുകേഷ്**

സംസ്ഥാന ജലപാതയേയും ദേശീയ ജലപാത-3നേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുകയും 50 ശതമാനം പണികൾ പോലും പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള കരാർ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തികൾ റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം തോടിന്റെ (റ്റി.എസ്. കനാൽ) നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. റീച്ച് 1,4,5 എന്നിവയിലെ പുനരുദ്ധാരണ പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വളരെ കുറവായതിനാൽ ടെർമിനേഷൻ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ കരാറുകാരന് നോട്ടീസ് നൽകി. തുടർന്ന് ഉപകരാറുകാരൻ ടെർമിനേഷൻ നടപടികൾ സ്വീകരിക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ജലവിഭവ വകുപ്പുസെക്രട്ടറിയോട് പരാതിക്കാരനെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവായതുപ്രകാരം 31/05/2018-ൽ ഹിയറിംഗ് നടത്തുകയും പണി പുനരാരംഭിച്ച് 31/10/2018 നകം പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 31/10/2018 വരെ സമയപരിധി നൽകിയിട്ടുണ്ട്. ടി കനാലിന്റെ 3-ാം റീച്ചിലെ പണികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. 2-ാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മണ്ണ് നിക്ഷേപിക്കുവാൻ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം വാടകവ്യവസ്ഥയിൽ ഏറ്റെടുത്തശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടത്തും. 6-ാം റീച്ച് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**